# ‘തിരുവചനധ്യാനം’

## സങ്കീർത്തനങ്ങൾ 119:103

‘‘തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായ്ക്ക് തേനിലും നല്ലതു.’’

ദൈവഭയത്തിലും ഭക്തിയിലും ജീവിതയാത്രയിൽ മുമ്പോട്ടു പോകുന്ന വിശ്വാസികളുടെ വഴികാട്ടിയാണ് ഈ തിരുവചനം. ദൈനംദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കേണ്ടി വരുന്ന എല്ലാ സാഹചര്യങ്ങളെയും ദൈവകൃപയോടെ കൈകാര്യം ചെയ്യുവാൻ നിരന്തരമായ തിരുവചനധ്യാനം നമ്മെ പ്രാപ്തരാക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ തിരഞ്ഞെടുക്കപ്പെട്ട 40ൽ അധികം ഗ്രന്ഥകാരൻമാർ മൂന്ന് ഭൂഖണ്ഡങ്ങളിലിരുന്ന് 1400ൽ അധികം വർഷം എടുത്ത് എഴുതിയ 1189 അദ്ധ്യായങ്ങൾ അടങ്ങിയ വി.വേദപുസ്തകം ദൈവജനത്തിന് ഇന്ന് ഒരു മാർഗ്ഗദർശിയും ആശ്വാസവും ആണ്. അതുകൊണ്ടുതന്നെ ഭൂമിയിലെ ഏതു ജീവിതനിലവാരത്തിലുള്ള മനുഷ്യനേയും ഏതു പ്രതികൂല സാഹചര്യത്തിലും തിരുവചനം വഴി നടത്തുന്നു. അത് തന്റെ ശത്രുക്കളേക്കാൾ തന്നെ ബുദ്ധിമാനാക്കുകയും ചെയ്യുന്നു എന്ന് സങ്കീർത്തനക്കാരൻ സാക്ഷീകരിക്കുന്നു (സങ്കീർത്തനം 119:98).

ദൈവവുമായി പറ്റിചേർന്നു നിൽക്കാൻ ആഗ്രഹിക്കുന്ന ഭക്തന്മാർക്ക് തിരുവചനം എന്നും അതിമധുരമാണ്. എന്തെന്നാൽ തിരുവചനം അനുസരിച്ച് മുമ്പോട്ടു പോകുന്നവരെ അത് വിശുദ്ധിയിൽനിന്നും വിശുദ്ധിയിലേക്കു ഉയർത്തിക്കൊണ്ടിരിക്കും. ദൈവവുമായി അലിഞ്ഞുചേരാൻ അത് അവർക്ക് മുഖാന്തരങ്ങളെ ഒരുക്കുന്നു. സാത്താന്റെ തന്ത്രങ്ങളിൽ വീണുപോയ മനുഷ്യന്റെ അനുഭവങ്ങൾ വരച്ചുകാട്ടുന്ന തിരുവചനം ദൈവജനത്തിനു മാർഗ്ഗദീപമാകുന്നു.

മൂന്നു മൂന്നര വയസ്സ് പ്രായമുള്ളപ്പോൾ തന്നെ കുഞ്ഞുങ്ങൾ പഠിക്കുന്ന ഒരു സങ്കീർത്തനമാണ് 23–ാം സങ്കീർത്തനം. അതിലടങ്ങിയിരിക്കുന്ന മർമ്മം ഇപ്രകാരം നമ്മെ പഠിപ്പിക്കുന്നു ‘‘എനിക്ക് ഇടയനായിട്ട് ഒരു ദൈവമുണ്ട്. ആ ദൈവം എന്നെ ഏതു പ്രതിസന്ധിയിലും താങ്ങുവാൻ മതിയായവനാണ്. അതുകൊണ്ടുതന്നെ ഏതു കൂരിരുട്ടിന്റെ അവസ്ഥയിലേക്കു തള്ളപ്പെട്ടാലും ഞാൻ ഭയപ്പെടുകയില്ല’’. വചനം പഠിക്കുന്നതിന്റെ പ്രാധാന്യത്തെ വരച്ചു കാട്ടുകയാണ് 119–ാം സങ്കീർത്തനം. നമ്മുടെ തലമുറകൾ വചനം വായിക്കുകയും പഠിക്കുകയും അതിന്റെ മർമ്മങ്ങളെ ഹൃദയത്തിൽ സംഗ്രഹിക്കുകയും വേണം.

അത് അവരുടെ ആത്മീയയാത്രയിൽ പ്രതിദിനം കർത്താവിനോട് കൂടെ നടക്കുവാൻ സഹായിക്കും.

അനുദിനം ചില നിമിഷങ്ങളെങ്കിലും തിരുവചന ധ്യാനത്തിനായി നാം വേർതിരിക്കണം.

പരാമർശം :

സങ്കീർത്തനങ്ങൾ 119:18

നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ തുറക്കേണമേ.

സിസ്റ്റർ. ജെയ്മി ബിജു കോതമംഗലം 007